എ3/6506/17

ജില്ലാവിദ്യാഭ്യാസആഫീസ്, തൃശൂർ
9/8/17

## നോട്ടീസ്

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 8/8/2017 ലെ ക്യൂ.ഐ.പി 2/55776/16/ ഡി.പി.ഐ നമ്പർ കത്ത് പ്രകാരം, 5/8/17 ന് നടന്ന അധ്യാപകരുടെ ക്ലസ്റ്റർ തല പരിശീലനത്തിൽ പങ്കെടക്കാതെ വിട്ടു നിന്ന, കടുത്ത അസുഖം മൂലം ഹാജരാ കാൻ കഴിയാതെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയവർ ഒഴികെയുള്ള മുഴുവൻ അധ്യാപകരുടേയും പേരിൽ വകുപ്പു തല അച്ചടക്ക നടപടി സ്വീകരി ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ സ്ഥാപനത്തിലെ ക്ലസ്റ്ററിൽ പങ്കെടുക്കാതെ വിട്ടു നിന്ന അധ്യാപകരിൽ നിന്നും വിശദീകരണം ശേഖരിച്ച് 10/8/17 ന് 5 മണിയ്ക്ക് മുമ്പായി ഈ കാര്യാലയത്തി ലേയ്ക്ക് എത്തി ക്കേണ്ടതാണ്. വിശദീകരണം മുമ്പ് സമർപ്പിച്ചവർ വീണ്ടും സമർ പ്പിക്കേണ്ടതില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 8/8/2017 ലെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Mohanan 9/8/2017
ജില്ലാ വിദ്യാഭ്യാസ ആഫീസർ
തൃശൂർ

സ്വീകർത്താവ്:
എല്ലാ ഗവ/എയ്ഡഡ് പ്രധാനാദ്ധ്യാപകർക്കും.

…………..

നം. ക്യു.ഐ.പി.2/55776/16/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 08-08-2017.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.
തിരുവനന്തപുരം

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - 05/08/2017 തീയതിയിൽ നടന്ന അദ്ധ്യാപകരുടെ ക്ലസ്റ്റർ തല പരിശീലനത്തിൽ പങ്കെടുക്കാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 07/08/17 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കുറിപ്പ് ഉത്തരവ്.

മേൽ സൂചന പ്രകാരം 05/08/2017 ൽ നടന്ന അദ്ധ്യാപകരുടെ ക്ലസ്റ്റർ തല പരിശീലനത്തിൽ പങ്കെടുക്കാതെ വിട്ടുനിന്ന അദ്ധ്യാപകരിൽ നിന്നും അടിയന്തിരമായി വിശദീകരണം വാങ്ങേണ്ടതാണ്. കടുത്ത അസുഖം മൂലം ഹാജരാകാൻ കഴിയാതെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയവർ ഒഴികെയുള്ള മുഴുവൻ അദ്ധ്യാപകരുടെയും പേരിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർ

ജിമ്മി.കെ. ജോസ്,
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി